ST. THOMAS HIGH SCHOOL
MARANGATTUPILLY

# സാന്തോം 2020

## സെന്റ് തോമസ് ഹൈസ്കൂൾ മരങ്ങാട്ടുപിള്ളി



## ഡിജിറ്റൽ മാഗസിൻ

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

**LITTLE KITES TEAM ST.THOMAS H.S MARANGATTUPILLY**

# ST.THOMAS HIGH SCHOOL

MARANGATTUPILLY-686635

04822-252392

E-mail: stthomasmgply@yahoo.com

**Our Heavenly Patron**

ST.THOMAS ,THE APOSTLE

**Corporate Manager**

H.E.Mar.JOSEPH KALLARANGATTU

**Corporate Secretary**



Fr. Berchumans Kunnumpuram

**Manager**



Fr.George Vanchipurackal

**Asst.Manager**



Fr.Joseph Thengumpally

**Head mistress**



Aniamma Mathew

**P.T.A President**



Shaji Kollithadam

# താളുകൾ മറിയുമ്പോൾ

നന്മയാം അമ്മ ............................................ 2

ശിൽപി ....................................................... 3

വർണ്ണങ്ങൾ പരത്തുന്നവർ .............................. 4

കടംകഥയും കുസൃതി ചോദ്യവും....................... 5

ആർട്ട് ഗ്യാലറി .............................................. 7

അമ്മ ആടും 8 ആട്ടിൻ കുട്ടികളും ...................... 10

അഹങ്കാരത്തിനുള്ള ശിക്ഷ ............................ 12

ഗാന്ധിയൻ ആദർശങ്ങളുടെ സമകാലിക പ്രസക്തി ..13

എൻ പ്രിയ സുഹൃത്ത് ..................................... 14

മഴ – എന്റെ അനുഭവം ................................. 15

Friendship............................................... 16

പുതു മഴ ...................................................... 17

നേട്ടങ്ങൾ ................................................... 18

# നന്മയാം അമ്മ



**അഞ്ജന ജിൻസ്**

**IX A**

സ്നേഹത്തിന്റെ നിറകുടം
ത്യാഗത്തിന് പര്യായം
അറിവിന്റെ ള്ള വെളിച്ചം
ഭൂമിയിൽ ആഗതയാം മുതൽക്കെ
അറിയുന്നു, കേൾക്കുന്നു
കാണുന്നു നിന്നെ ഞാൻ.

എൻ അശ്രുകണങ്ങളെ
മായ്ക്കുന്നു നീ നിന്റെ
ആശ്വാസ വാക്കിൻ ശരണങ്ങളാലെ
പിച്ചവയ്ക്കാൻ തുടങ്ങുന്നൊരു നേരം
ചാരത്തു നീയുണ്ട് എന്റെ തുണയ്ക്കായി
മാതൃസ്നേഹത്തിന്റെ വ്യാപ്തി
അളക്കാൻ ഇന്നില്ല ഒന്നും ഭൂമുഖത്ത്
സങ്കടപ്പെരുമ ഉള്ളിലുണ്ടെന്നാലും
എല്ലാമടക്കി നീ മന്ദഹസിക്കുന്നു.



അറിയാതെ അറിയാതെ വേദനിപ്പിച്ച അമ്മേ
മാപ്പിരക്കുന്നു ഞാൻ ഈ വേളയിൽ
വർണ്ണമാം ലോകത്തേക്കാനയിച്ച നീ
നിന്നെ മറന്നു ഞാൻ ഒരു നിമിഷം.
സ്നേഹത്തിൻ ഉടമയാം അമ്മയെ ഞാ
മരിക്കുന്നു സ്തുതിക്കുന്നു എന്നാളും.

* * *

# ശിൽപി

**അന്ന ജോൺ**

**VIII A**



കരിമല എന്ന ഗ്രാമത്തിൽ നന്ദു എന്ന ഒരു ശിൽപി താമസിച്ചിരുന്നു. കരിമല ഗ്രാമത്തിൽ ശിൽപങ്ങൾ കൊത്തിയെടുക്കുവാൻ പറ്റിയ ധാരാളം കരിമ്പാറകൾ ഉണ്ടായിരുന്നു ഒരു ദിവസം നന്ദു കരിമ്പാറയിൽ ഒരു ശിൽപം കൊത്തിയുണ്ടാക്കുകയായിരുന്നു. ശിൽപിയുടെ കരവിരുത് ശ്രദ്ധിച്ചു കൊണ്ട് ഒരു വഴിപോക്കൻ ഏറെ നേരം അവിടെ നോക്കി നിന്നു. പക്ഷെ മണിക്കൂറുകൾ കടന്നു പോയിട്ടും പാറയിൽ നിന്നു പാറക്കഷണങ്ങൾ തുരുതുരാ തെറിച്ചു വീണു കൊണ്ടിരിക്കുന്നതല്ലാതെ പാറയിൽ നിന്ന് ശിൽപം തെളിഞ്ഞു വന്നില്ല. ശിൽപം ഉണ്ടായി കാണാതിനാൽ ആ വഴി പോക്കന് എന്തെന്നില്ലാത്ത നിരാശയും സങ്കടവും തോന്നി. അയാൾ ചോദിച്ചു.

" ഹേയ് ശിൽപി ഇതെന്തു കഥ, വെറുതെ പാറച്ചീളുകൾ ചിതറി വീഴുന്നതല്ലാതെ പ്രതിമയൊന്നും കാണാനില്ലല്ലോ".

അയാളുടെ ചോദ്യം കേട്ട് നന്ദുവിന്റെ ചുണ്ടിൽ ചിരിപൊട്ടി. ശിൽപി പറഞ്ഞു

"ചങ്ങാതി നിരാശപ്പെടേണ്ട, പ്രതിമ പാറയിൽ തന്നെ ഉണ്ട്. പാറയുടെ ചില ഭാഗങ്ങൾ പ്രതിമയെ മറച്ചു വെച്ചിരിക്കുകയാണ്. ആവശ്യമില്ലാത്തവ കൊത്തിക്കളയാൻ ഞാൻ പാടുപെടുകയാണ്. അതെല്ലാം പോയ്ക്കഴിഞ്ഞാൽ അതിമനോഹരമായ ശിൽപം നിങ്ങൾക്കും കാണാനാകും."

പക്ഷെ ശിൽപിയുടെ സംസാരം വഴി പോക്കനെ തൃപ്തനാക്കിയില്ല. അയാൾ അമർഷത്തോടെ അവിടെ നിന്നും നടന്നു പോയി.

പ്രിയ കൂട്ടുകാരെ ഈ കഥയിൽ ശിൽപി പറഞ്ഞതിന്റെ പൊരുൾ നിങ്ങൾക്ക് മനസ്സിലായോ? നമ്മുടെ വ്യക്തിത്വം പാറയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന ശിൽപം പോലെയാണ്. മോശമായ പെരുമാറ്റ രീതികളും ദുശ്ശീലങ്ങളും കുറവുകളും കുറ്റങ്ങളും പതുക്കെപ്പതുക്കെ ഇല്ലാതാക്കണം. അപ്പോൾ പാറക്കുള്ളിൽ നിന്ന് ശിൽപം തെളിഞ്ഞു വരുന്നതു പോലെ നമ്മുടെ ഉജ്ജ്വലമായ വ്യക്തിത്വം മറ നീക്കി പുറത്ത് വരും.

# വർണ്ണങ്ങൾ പരത്തുന്നവർ

ആൻ മരിയ ജിമ്മി

VIII A



പൂമ്പാറ്റകൾ സ്നേഹത്തിന്റെ പ്രതീകം
പുഴു എന്ന ചെറു ജീവിയിൽ നിന്ന്
ഉത്ഭവിക്കുന്നവരാണിവർ
പല പല വർണ്ണങ്ങളാൽ തിളങ്ങുന്ന
പാറി പാറി മാനത്തുടെയെങ്ങുമെങ്ങും
പൂക്കൾ തൻ തേൻ കുടിക്കാനായി
അങ്ങുന്നമില്ലെന്നും പാറി പറന്നിതാ
പൂമ്പാറ്റക്കൂട്ടങ്ങൾ എത്തിടുന്നോ.



പൂവുകളിൽ നിന്നു തേൻകുടിച്ച്
പാറിപ്പറന്നു പോകുന്ന ശലഭങ്ങൾ
മാരിവില്ലുപോൽ കാണുന്നിതാ മാനത്ത്
പൂമ്പൊടികൾ മാനത്തിലൂടെ പറക്കുന്ന
നേരം മാനത്തു നിന്നു വിണ്ണിലേക്ക്
വർണ്ണങ്ങൾ പെയ്യുന്നത് കാൺമതില്ലേ
മാനത്തിലൂടെ പറക്കുന്ന നേരം

വർണ്ണ ശലഭങ്ങൾ എത്ര ഭംഗി
വർണ്ണങ്ങൾ വിടർത്തി പറക്കുന്നതു
കാണുമ്പോൾ മാലാഖമാർ മാനത്തൂടെ
പാറി പറക്കുന്നതു പോലെ തോന്നും.
ഒരുപാട് വർണ്ണങ്ങൾ പാറി നടക്കുന്ന
സുന്ദര ഭൂലോകമാണ് നമ്മുടേത്
മാലാഖമാരായ ചിത്രശലഭങ്ങൾ
പാറിപ്പറന്നിതാ വന്നിടുന്നു.

# കടംകഥയും
# കുസൃതി ചോദ്യവും

അഞ്ജന എം. ആർ

VIII A



1 കുട്ടിതിന്നാൻ ഒന്നാന്തരം, ഒറ്റക്കായാൽ ആർക്കും വേണ്ട= ഉപ്പ്

2 ആയിരം കുഞ്ഞുങ്ങൾക്ക് ഒരു അരഞ്ഞാണം= ചൂല്

3 അടുക്കളയിൽ മൂന്നദൈവങ്ങൾ = അടുപ്പ്

4 അങ്ങോട്ടും ഇങ്ങോട്ടും, നേരെ നിന്നാൽ സത്യം പറയും= ത്രാസ്

5 ഒരു മീൻക്കാരൻ ഒരു കയറ്റം കയറുകയാണ് വണ്ടിയുമായി. പെട്ടെന്ന് വണ്ടി നിന്നു. ഒരാൾ ചോദിച്ചു, എന്ത് പറ്റി. മറ്റൊരാൾ ചോദിച്ചു എന്നാ മീനാ, രണ്ടിനു ഒരുത്തരം= കല്ലേമുട്ടി

6 തലയിൽ കാൽ വെച്ചിരിക്കും =കണ്ണട

7 കൂടെ പോരണമെങ്കിൽ കാൽ പിടിക്കണം =കുട

8 ഒരു കണ്ടക്ടർ യാത്രക്കാരനോട് എങ്ങോട്ടാ, മറ്റൊരാൾ യാത്രക്കാരനോട് സഞ്ചിയിൽ എന്താ, രണ്ടിനും ഒരുത്തരം = പാലാ

9 കൊക്കിരിക്കും കുളം വറ്റി വറ്റിച്ചു =വിളക്ക്

10 വെള്ളത്തവഴിയിൽ കറുത്ത വണ്ടി= കൺമണി

11 എന്റെ ആദ്യത്തെയും അവസാനത്തെയും അക്ഷരം ഒന്നാണ് ഞാൻ ഒന്നിനെ രണ്ടാക്കും ആരാണ് ഞാൻ = കത്രിക

12 വേണ്ടപ്പോൾ വട്ടത്തിൽ വേണ്ടാത്തപ്പോൾ നീളത്തിൽ= കുട

13 തിന്നാൻ വേണ്ടിയാണ് എന്നെ വാങ്ങാറ്. പക്ഷെ ആരും എന്നെ തിന്നാറില്ല= പ്ലേറ്റ്

14 നിറയെ ദ്വാരമുണ്ടെങ്കിലും നിറയെ വെള്ളമെടുക്കാൻ കഴിയും. എന്താണ്=സ്പോഞ്ച്

15 ഒരേ സമയം പോകാനും വരാനും പറയുന്ന ഇന്ത്യൻ നഗരം= ഗോവാ

16 വള്ളി ഇല്ലാത്ത പ്പോൾ ഇതൊരു മരമാണ്, വള്ളി ഉള്ളപ്പോൾ ഇതൊരു രോഗമാണ് = പനി (പന)

17 എന്തിന് വന്നു എന്ന് ചോദിക്കുന്ന സ്ഥലം = വൈക്കം


* * *

# ആർട്ട് ഗ്യാലറി








**Jemi Shaji**
**VIII A**



**Anjana M.R**
**VIII A**







**Abymon Sunny**

**VIII A**



**Nithya K Sebastian**

**VIII A**









**Sayooj K.S**

**VIII A**



**Noel Sivy**

**VIII A**




# അമ്മ ആടും 8 ആട്ടിൻ കുട്ടികളും



എയ്ഞ്ചൽ സിജോ
VI B

ഒരിടത്ത് ഒരു അമ്മയാട് താമസിച്ചിരുന്നു. അവർക്ക് ഒന്നല്ല.അഞ്ചല്ല, എട്ട് ആട്ടിൻ കുഞ്ഞുങ്ങളുണ്ടായിരുന്നു. എട്ട് കുഞ്ഞുങ്ങളുടെയും പേരാണ് അമ്മു, തത്തു.,അച്ചു,പൊന്നു ,മാളു,ചിന്നു, അല്ലി, മണിക്കുട്ടി. അങ്ങിനെയിരിക്കെ ആട്ടിൻ  കുഞ്ഞുങ്ങളുടെ അമ്മയ്ക്ക് ജോലികിട്ടി. എല്ലാ ദിവസവും രാവിലെ അമ്മ ജോലിക്ക് പോകുമ്പോൾ അമ്മ കുഞ്ഞുങ്ങളോട് പറയും. മക്കളെ സൂക്ഷിക്കണം ഒരു പട്ടി ഇറങ്ങിയിട്ടുണ്ട്. അങ്ങനെ അമ്മ ആട്ടിൻ കുഞ്ഞുങ്ങളോട് പറയും. തന്റെ കുഞ്ഞുങ്ങൾക്ക് വല്ല ആപത്തും സംഭവിക്കുമോ എന്ന ഭയം കാരണം അമ്മയ്ക്ക് സമാധാനം ഇല്ല. വൈകുന്നേരം അമ്മ വീട്ടിൽ വരുമ്പോൾ ആണ് അമ്മയ്ക്ക് സമാധാനമുണ്ടാകുന്നത്.



അങ്ങനെ എല്ലാ ദിവസവും പറയും. അങ്ങനെ ഇരിക്കെ അത് സംഭവിച്ചു.
പട്ടി അവരുടെ വീട്ടിൽ വന്നു. പട്ടി കുഞ്ഞാടുകളോട് പറഞ്ഞു  മക്കളെ ഞാൻ വന്നു. അപ്പോൾ ഒരാൾ പറഞ്ഞു അമ്മയിപ്പോൾ പോയതല്ലേയുള്ളു. പെട്ടന്ന് അങ്ങിനെ വരില്ലല്ലോ. അമ്മയുടെ കാൽ കാണിച്ചേ . കാണിക്കാം. പട്ടിയുടെ കാലിന്റെ നിറം കറുപ്പായതുകൊണ്ട് ആട്ടിൻ കുഞ്ഞുങ്ങൾക്ക് മനസ്സിലായി അത് തന്റെ അമ്മയല്ലെന്ന്.

ഞങ്ങളുടെ അമ്മയുടെ കാൽ ഇങ്ങനെയല്ല. പോ... ചീത്ത പട്ടി. നീ കള്ളത്തരം കാണിക്കേണ്ട, ഞങ്ങൾക്ക് മനസ്സിലായി നീ ഞങ്ങളുടെ അമ്മ പറഞ്ഞ നശിച്ച പട്ടിയാണെന്ന്. അവൻ തിരിച്ചു പോയി. എന്നിട്ട്
വീട്ടിൽ ചെന്ന് ഗോതമ്പുമാവിൽ കാൽ മുക്കിയിട്ട് ആട്ടിൻ കുഞ്ഞുങ്ങളുടെ വീട്ടിലേക്ക് വന്നു. അവൻ കരുതി കുഞ്ഞുങ്ങൾക്ക് സംശയം തോന്നില്ലെന്ന്. അവൻ അതേ പോലെ തന്നെ ചെന്ന് അവരോട് പറഞ്ഞു. അവർ പറഞ്ഞു. കാൽ കാണിക്കാൻ. പട്ടി കാൽ കാണിച്ചു.ആട്ടിൻകുഞ്ഞുങ്ങൾക്ക് എങ്കിലും വിശ്വാസമായില്ല. അപ്പോൾ കുഞ്ഞുങ്ങൾ പറഞ്ഞു. അമ്മയുടെ ശബ്ദമൊന്നു കേൾപ്പിക്ക്, പട്ടി കുരച്ചു.ഇത് ഞങ്ങളുടെ അമ്മയുടെ ശബ്ദമല്ലെന്ന് ആട്ടിൻ കുഞ്ഞുങ്ങൾ മറുപടി നൽകി. തന്റെ സൂത്രങ്ങളൊന്നും ഫലിക്കുകയില്ലെന്ന് കണ്ട പട്ടി വാതിൽ തള്ളിത്തുറന്ന് അകത്ത് കയറി. ആട്ടിൻകുട്ടികളെ ഓരോരുത്തരെയായി വിഴുങ്ങി. 7 ആട്ടിൻകുട്ടികളെ വിഴുങ്ങിയതോടു കൂടി പട്ടിയുടെ വയർ നിറഞ്ഞു. അനങ്ങാനോ നടക്കാനോ പറ്റാതായ പട്ടി അവിടെ കിടന്ന് ഉറങ്ങി പോയി. അമ്മയാട് വന്നപ്പോൾ അവശേഷിച്ച ആട്ടിൻകുട്ടി നടന്നതൊക്കെ പറഞ്ഞുകേൾപ്പിച്ചു.

അമ്മയാട് നേരെ ചെന്ന് ഒരു കത്തിയും സൂചിയും നൂലും എടുത്ത് പട്ടിയുടെ അടുക്കൽ പോയി. ഇതേ സമയം പട്ടി ഉറക്കത്തിലായിരുന്നു. അമ്മ ആരും കാണാതെ പട്ടിയുടെ അടുക്കൽ ചെന്ന് വയറ് രണ്ടായി കീറി പിളർത്തി കുഞ്ഞുങ്ങളെ രക്ഷിച്ചു. എന്നിട്ട് കല്ലുകൾ വയറ്റിൽ ഇട്ടു. ഉറക്കമുണർന്ന പട്ടിക്ക് ദാഹിക്കുന്നുണ്ടായിരുന്നു. വെള്ളം കുടിക്കാൻ വേണ്ടി പട്ടി പുഴയിലേയ്ക്ക് ഇറങ്ങി. തന്റെ വയറ്റിലെ കല്ലിന്റെ ഭാരം കാരണം പട്ടി വെള്ളത്തിൽ മുങ്ങി ചത്തു.

**ഗുണപാഠം: ചതിയിലൂടെ ആരെയും തോൽപ്പിക്കരുത്..**

* * *

# അഹങ്കാരത്തിനുള്ള ശിക്ഷ



മിന്ന മാത്യു

VIII A

ഒരിടത്ത് ഒരു ധനവാനായ മനുഷ്യൻ ജീവിച്ചി രു ന്നു. ആർക്കും ഒരു സഹായവും ചെയ്യാത്ത അറു പി ശു ക്കൻ അയാൾ എങ്ങനെ പണം സമ്പാദിക്കാം എന്ന് മാത്രം ചിന്തിച്ചു കൊണ്ട് നടക്കും. ഒന്നും ആലോചിക്കാതെ എടുത്തു ചാടി എന്തെങ്കിലും ചെയ്യും. ഗ്രാമത്തിലുള്ളവർ അദ്ദേഹത്തെ കൊണ്ട് പൊറുതി മുട്ടി.ഗ്രാമത്തിലുള്ളവരെല്ലാം കൂടി ഒരു തീരുമാനം എടുത്തു. അവരുടെ ഗ്രാമത്തിൽ ഒരു സന്യാസി ഉണ്ടായിരുന്നു. അവരെല്ലാം കൂടി ആ സന്യാസിയുടെ അടുത്ത് പോയി കാര്യം പറഞ്ഞു. സന്യാസി അതെല്ലാം കേട്ട് പറഞ്ഞു. ശാന്തരാകു, അവനെ ഞാനൊരു പാഠം പഠിപ്പിക്കും. സന്യാസി അവന്റെ വീട്ടിലേക്ക് പോയി. അവിടെ ചെന്ന് അവന് ഒരു കുടം എടുത്ത് കൊടുത്തിട്ട് പറഞ്ഞു. ഇതിന്റെ ഉള്ളിൽ എത്ര തവണ കൈയിടുന്നോ അത്രയും സ്വർണ്ണനാണയം നിനക്ക് കിട്ടും. പക്ഷെ കൈയിടുന്തോറും നീ ചെറുതാകാൻ തുടങ്ങും. അതു പറഞ്ഞ് സന്യാസി അവിടെ നിന്ന് ഇറങ്ങി. അവൻ ഒന്നും ചിന്തിക്കാതെ അതിൽ കൈയിടാൻ തുടങ്ങി. ഇടുന്തോറും അയാൾ ചെറുതായി. ഇതൊന്നും കണ ക്കാ ക്കാതെ വീണ്ടും അയാൾ കൈ യിട്ടു. അയാൾ തീരെ ഉറുമ്പിനോളം ചെറുതായി. അപ്പോൾ അയാൾക്ക് ഒരു പാട് പണം കിട്ടി. പക്ഷെ

അയാൾ എന്ത് ചെയ്യും? തീരെ ചെറുതായില്ലേ. അപ്പോൾ അയാൾ ഓർത്തു. സന്യാസി

പറഞ്ഞത് അൽപം ആലോചിച്ചിട്ട് ചെയ്താൽ മതിയായിരുന്നുവെന്ന്. അഹങ്കാരത്തിനുള്ള ശിക്ഷ അയാൾക്ക് കിട്ടി.

* * *

# ഗാന്ധിയൻ ആദർശങ്ങളുടെ സമകാലിക പ്രസക്തി



**സിയ മരിയ രാജു**

**VIII A**


ഭാരതത്തിനും ലോകത്തിനും വെളിച്ചം പകർന്നു കൊടുത്ത വ്യക്തിയാണ് മഹാത്മ ഗാന്ധി. അദ്ദേഹത്തിന്റെ ആദർശങ്ങളും ജീവിത മാതൃകയും ആയിരങ്ങൾക്ക് മാർഗ ദീപമായി ഇന്നും ജ്വലിച്ചു നിൽക്കുന്നു. തന്റെ ആദർശ ങ്ങൾക്കു വേണ്ടി ഗാന്ധിജി രക്തസാക്ഷിയായിട്ട് അമ്പതു സംവത്സരങ്ങൾ കഴിഞ്ഞു പോയി. എങ്കിലും ഇന്നും ഭാരതീയ ജനഹൃദയങ്ങളിൽ അദ്ദേഹം അനശ്വരനായി ജീവിക്കുന്നു .

സ്വാശ്രയത്വം, അഹിംസ, സേവനം, ത്യാഗം എന്നിവയായിരുന്നു ഗാന്ധിജിയുടെ ജീവിതാദർശങ്ങൾ. മതസാഹോദര്യത്തിന്റെ ജ്വലിക്കുന്ന മാതൃകയായിരുന്നു ഗാന്ധിജി . മത സാഹോദര്യത്തിനു വേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുവാൻ വരെ അദ്ദേഹം തയ്യാറായി. ജാതിയുടെ പേരിലുള്ള അസമത്വങ്ങൾക്കെതിരെ അദ്ദേഹം നിരന്തരം പോരാടി.

ജാതീയതയുടെയും മതഭ്രാന്തിന്റെയും കടുത്ത ഭീഷണി ഉയരുന്ന ഇക്കാലത്ത് ഭാരതത്തിന് ശാന്തിയും ഐക്യവും പ്രദാനം ചെയ്യുവാൻ ഗാന്ധിജിയുടെ ആദർശങ്ങൾക്കു മാത്രമേ സാധിക്കു കയുള്ളൂ. സത്യവും അഹിംസയും ജീവിതത്തി ങ്കൽ പ്രാവർത്തികമാക്കുന്നതിലൂടെ മാത്രമേ ആ ധന്യാത്മാവിനോടുള്ള കടപ്പാട് ഒരു പരിധിവരെയെങ്കിലും തീർക്കുവാൻ നമുക്കു കഴിയുകയുള്ളൂ.

* * *

# എൻ പ്രിയ സുഹൃത്ത്



അരുണിമ എസ് മനോജ്
VIII A

ഒരിക്കലും മറക്കില്ല ഞാൻ നിന്നെ;
എൻ പ്രിയ സുഹൃത്തേ
നിൻ കൂടെയല്ലയോ ഞാൻ ആദ്യമായ്;
പഠിച്ചതും കളിച്ചതും.

ഞാൻ പഠിച്ചത് പുസ്തകങ്ങളല്ല;
മറിച്ച് നിന്നെയാണ്
എന്റെ ഏറ്റവും നല്ല വഴികാട്ടി;
എനിക്ക് ദൈവം തന്ന സ്വത്ത്

ആദ്യമായ് ഞാൻ വിദ്യാലയത്തിൽ;
നിന്ന് പരിചയപ്പെട്ട സുഹൃത്ത്
അന്നു മുതൽ കൂടെ ഒരു താങ്ങായ്;
നീ നിന്നു.

ഇന്നും എന്റെ ഓർമ്മകളിൽ
നീ നിറഞ്ഞു നിൽക്കുന്നു.
ഞാൻ ഇന്നും ഓർക്കുന്നുണ്ടെങ്കിൽ
സുഹൃത്തേ അത് നിന്നെ മാത്രമാണ്.

ഒരിക്കലും മറക്കില്ല നിന്നെ ഞാൻ
കാരണം  എൻ ഹൃദയത്തിലാണ്
നീ....

# മഴ - എന്റെ അനുഭവം

ഗൗരിനന്ദ കെ.എസ്
VIII A



മഴ അനുഭവം ഏവർക്കും ഉണ്ടാകും. അതുപോലെ എനിക്കും ഉണ്ട് ഒരനുഭവം. ഒരു വേനൽക്കാലത്തുണ്ടായ മഴ. സർവചരാചരങ്ങളും വേനൽക്കാലത്ത് ഉണങ്ങിനിൽക്കുന്നു. കിണറുകൾ വറ്റി വരണ്ടു. പക്ഷികൾ കുടിക്കാൻ വെള്ളം കിട്ടാതെ ചത്തുവീഴുന്നു. ആ സമയത്തുണ്ടായ അപ്രതീക്ഷമായ മഴ ഏവർക്കും സന്തോഷം പകർന്നു. ചെടികൾ മഴ പെയ്യുന്ന താളത്തിൽ നൃത്തം ചെയ്തു. കിളികൾക്ക് കുടിക്കുവാൻ വെള്ളം കിട്ടിയതിനാൽ അവർ സന്തോഷത്തിൽ മനോഹരമായ ഗാനങ്ങൾ പാടി. ആ മഴ വളരെ നേരം നിർത്താതെ പെയ്തു. പക്ഷെ "മകരത്തിൽ മഴ പെയ്താൽ മലനാട് മുടിയും " എന്ന ചൊല്ല് അമ്മ പറഞ്ഞത് ഞാൻ കേട്ടു. എന്നാൽ ചെടികളുടെയും പക്ഷികളുടെയും ഒപ്പം ഞാനും എന്റെ അനുജനും പാടിയും, നൃത്തം ചെയ്തും സന്തോഷിച്ചു.

* * *

# Friendship




"കാലം മായ്ക്കാത്തത് ഓർമയുള്ള ചെപ്പടവും ഓരോ മൺതരിയും മായ്ക്കാത്തത് ഓർമയുള്ള കൂട്ടുകെട്ട് ..... Friendship....."

"എന്റെ ജീവിതത്തിലെ 90% പ്രശ്നങ്ങൾ തീർക്കുന്നത് എന്റെ കൂട്ടുകാരാണ് എന്നാൽ 99% പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും എന്റെ കൂട്ടുകാരാണ്..."

"Friendship is the Best medicine in the whole world"...

By Minna Mathe
VIII A



**Minna Mathew -VIII A**

# പുതു മഴ

ഫ്രേയ ജോഷി

VIII A



മഴ വരുന്നു മഴ വരുന്നു
പുതു സുഗന്ധമായി പുതു -
വർഷത്തിന് മോടി കൂട്ടുവാൻ
പുതു ചിന്തകൾക്ക് പുതു
വർണ്ണം പകരാൻ.

ആ മഴ ഈ മഴ
അവിടെ മഴ ഇവിടെ മഴ
എന്നിങ്ങനെ എല്ലാവരും
പറഞ്ഞനേരം ഞാൻ എൻ
ചാരുകസേരയുമെടുത്ത് മുറ്റത്തിന്
ഒരറ്റത്ത് ചെന്നിരുന്നു.

മഴയുടെ സുഗന്ധം എൻ മനസ്സിൽ
വന്ന് നിറഞ്ഞു എൻ മനസ്സിന്
കുളിർമ്മ നൽകാൻ എൻ ജീവിത
ത്തിന് പുതിയ ചുവട് പകരാൻ

* * *

# നേട്ടങ്ങൾ

## ദേശീയ ബാലശാസ്ത്ര കോൺഗ്രസ് പ്രതിഭകൾ






ലിയ സജി



അതുല്യ കെ.യു


## സംസ്ഥാന ശാസ്ത്രമേള വിജയികൾ


ഇൻസ്പയർ അവാർഡ്
ജോജു ജോസഫ്


St.Thomas H.S Marangattupilly
12-ാം Children's Biodiversity Science Congress
ജില്ലാ തലം
സീനിയർ വിഭാഗം
First &
State Selection
JOJU JOSEPH & NOEL SIVY


St.Thomas H.S Marangattupilly
12-ാം Children's Biodiversity Science Congress
ജില്ലാ തലം
ജൂനിയർ വിഭാഗം
First &
State Selection
Freya Joshy & Arunima S Manoj


സെന്റ് തോമസ് ഹൈസ്കൂൾ മരങ്ങാട്ടുപിള്ളി
NMMS സ്കോളർഷിപ്പ് വിജയി
അലീന രാജേഷ്


റവന്യൂ ജില്ലാ കലോത്സവം
പ്രസംഗം (മലയാളം)
ഫസ്റ്റ് എ ഗ്രേഡ്
പദ്യം ചൊല്ലൽ (ഹിന്ദി)
സെക്കന്റ് എ ഗ്രേഡ്
ക്രിസ്റ്റി ജിജി
ഹരിനന്ദന പി.സുനിൽ

# ജൈവ പച്ചക്കറി കൃഷി -സംസ്ഥാന അവാർഡ്












Kuravilangad Edition




മരങ്ങാട്ടുപിള്ളിക്ക് കാർഷിക അവാർഡുകളുടെ പെരുമഴ

## Science Fair – H.S Overall (Sub.District)



## Science Fair – U.P Overall (Sub.District)



## I.T Fair -Progamming




## Work Experience




## Bala Sasthra Congress Senior & Junior District Winners




# ലിറ്റിൽ കൈറ്റ്സ്

## Zoom Video Conference



## School Health Profile



## School Parliament Election - Voting Machine




## Digital Pookalam Making





## Teachers Day




## Sisu Dinam



## Annual Sports Day



## Santhom Football Tournament-2020



## Onam



## Padam Onnu Padathekku



## Vidyalayam Pradhibhakoppam



## Christmas Celebrations









## അവാർഡ് ജേതാക്കളെ ഗ്രാമപഞ്ചായത്ത് ആദരിക്കുന്നു




## ലഹരി വിരുദ്ധ റാലി



## Effective Learning Approach (ELA)



# Pravesanolsavam







# Merit Day







# Rajyapuraskar Award



## ബോധവൽക്കരണ ക്ലാസുകൾ








## ചിങ്ങം ഒന്ന് -ഇല നിർണ്ണയ മത്സരം





# ഹരിത ഗാഥ






ലിറ്റിൽ ഫാർമേഴ്സ് തകർത്തു












മാതൃകാ കൃഷിയിടമൊരുക്കി 'സീഡ്' അംഗങ്ങൾ


മരങ്ങാട്ടുപിള്ളിയുടെ മണ്ണിൽ പൊന്നു വിളയിച്ച സെന്റ് തോമസിനും അതുല്യക്കും അവാർഡ്


മരങ്ങാട്ടുപിള്ളിക്ക് കാർഷിക അവാർഡുകളുടെ പെരുമഴ

# ലിറ്റിൽ കൈറ്റ്സ് ടീം

ANJANA PRADEEP
ANJANA JINS
ARUN B BINISH
ANANDHU SANTHOSH
VINAYAK SANTHOSH KUMAR
AMALA TOMY
MANI THOMAS
ANANYA TOJO
ANITHA GEORGE
JERIN JOY
ABHIJEETH R
AMITHA ANIL
SHIBIN BENNY
ALIN JOSE
GOPIKA V J
RUBY RAJEEV
ADWAITH KRISHNA AJITH
AKASH RAMESH
ABHIRAMI BINEESH
MARIAT SEBASTIAN
SONU JOHNSON
HARIPRIYA .S
ALEENA SHOY
ALEENA RAJESH
ANGELIN NOBLE
DENZ J TOMY
AVEUGIN CYRIL

**KITE MASTER : JAMES E J**
**KITE MISTRESS: SR.SHANTY V.M**

..... നന്ദി .....

**ST.THOMAS H.S MARANGATTUPILLY**

**LK/2018/31060**